**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4158** **17-03-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ശരിയായ രീതിയിൽ നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ഇല്ല.<br><br>Smart Trivandrum ത്തിന്റെ ഭാഗമായി , അനുദിനം നഗരവൽക്കരണവുമായി ബന്ധപ്പെട്ട ഭാവികാല വെല്ലുവിളികൾ മുൻകൂട്ടി കണ്ട് ജൈവ മാലിന്യ സംസ്കരണ രംഗത്ത് കേന്ദ്രികൃത പ്ലാന്റുകൾ ഉൾപ്പെടെ പരിഗണിച്ചു വരുന്നു. ഗാർഹിക മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് നൽകി വരുന്ന കിച്ചൻ ബിന്നുകളും കേന്ദ്രീകൃത തുമ്പൂർമുഴി എയറോബിക് പ്ലാന്റുകളും തൃപ്തികരമായി പ്രവർത്തിച്ചുവരുന്നു. വ്യാപാര സ്ഥാപനങ്ങളിലെ മിച്ചഭക്ഷണ ശേഖരണം നഗരസഭ അംഗീകരിച്ചതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി ഉള്ളതുമായ ഏജൻസികൾ വഴിയും അജൈവ മാലിന്യ ശേഖരണം ക്ളീൻ കേരള കമ്പനി വഴിയും നിർവ്വഹിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഓഫീസുകളിൽ വേസ്റ്റ് മാനേജ്മെന്റിന് ഉപയോഗിക്കുന്ന കാലഹരണപ്പെട്ട എത്ര വാഹനങ്ങളാണുള്ളത്; പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം നഗരസഭ ഫോർട്ട് മെയിൻ ഗ്യാരേജിൽ നിലവിൽ രജിസ്ട്രേഷൻ കാലാവധി അവസാനിച്ച ഉപയോഗിക്കുവാൻ സാധിക്കാത്ത 37 വാഹനങ്ങൾ ഉണ്ട്. ടി വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | പ്രസ്തുത ഓഫീസുകളുടെ പ്രവർത്തന പരിധിയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (സി) | ഉണ്ട് .<br><br>തെരുവ് നായ്ക്കളുടെ പ്രജനനം തടയുന്നതിനുള്ള ABC പദ്ധതി മൃഗാശുപത്രി കേന്ദ്രീകരിച്ച് നടപ്പിലാക്കി വരുന്നു. ഒരു വർഷം ശരാശരി 1200 നായ്ക്കളെ ABC സർജ്ജറിക്ക് വിധേയമാക്കാനുള്ള ഭൗതിക സാഹചര്യം ഇവിടെ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ നായ്ക്കളെ ABC ക്ക് വിധേയമാക്കാൻ ടി ആശുപത്രിയിൽ മതിയായ സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഉദ്ദേശം 3 മാസം കൊണ്ട് നിർമ്മാണം പൂർത്തിയാകുമെന്ന് |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിക്കുന്നു. നഗരസഭയുടെ കീഴിൽ മറ്റൊരു സെന്ററിന്റെ നിർമ്മാണവും നടന്നു വരുന്നു. 2 ABC സെൻററുകളും പൂർണ്ണ സജ്ജമായാൽ പ്രതി വർഷം 4000 നായ്ക്കളെ ABC ക്ക് വിധേയമാക്കുവാൻ സാധിക്കും. 2024-25 സാമ്പത്തിക വർഷം ശരാശരി 7110 നായ്ക്കളിൽ Anti Rabies Vaccination നൽകുവാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ഓഫീസുകളിൽ ഉപയോഗശൂന്യമായ ഓഫീസ് ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് മൂലം ജീവനക്കാരും പൊതുജനങ്ങളും ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഇല്ല .<br><br>വിവിധ വകുപ്പുകളുടെ പരിധിയിൽ ഉപയോഗക്ഷമമല്ലാതെ കിടക്കുന്ന വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് അംഗീകൃത ഏജൻസികൾക്ക് കൈമാറുവാൻ അതത് വകുപ്പുകൾക്ക് നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ